LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വിജിലൻസ് കമ്മീഷൻ

76 [1551] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ വകുപ്പുതല വിജിലൻസ് അന്വേഷണം ഒഴിവാക്കി പ്രസ്തുത കമ്മീഷനെ ആ ചുമതല ഏൽപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഓപ്പറേഷൻ നവീൻ

77 [1552] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ നവീൻ എന്ന പേരിൽ റെയ്ഡുകൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റെയ്ഡുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകൾ വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്രപേരെ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്;

(ഡി) ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ട്രാഫിക് ഉൾപ്പെടെ വിവിധ സ്റ്റേഷനുകളിലായി എത്ര വാഹനങ്ങൾ കിടപ്പുണ്ടെന്നും ഇനം തിരിച്ച് എത്ര വീതമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്കിൽപ്പെടാത്ത പണം, റിക്കാർഡുകളിൽ രേഖപ്പെടുത്താതെ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ, ഡ്രൈവിംഗ് ലൈസൻസുകൾ, ഇൻഷുറൻസ് സർട്ടിഫിക്കറ്റുകൾ, ആർ.സി. ബുക്കുകൾ, താക്കോൽ കൂട്ടങ്ങൾ എന്നിവ ട്രാഫിക് പോലീസ്

സ്റ്റേഷനുകളിൽ അനധികൃതമായി സൂക്ഷിച്ചിരിക്കുന്നതുൾപ്പെടെയുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണം പൂർത്തിയായതിനുശേഷമേ കുറ്റക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ഡി) ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് സർക്കിൾ ഇൻസ്പെക്ടർമാർ, രണ്ട് സബ് ഇൻസ്പെക്ടർമാർ, മൂന്ന് ഹെഡ് കോൺസ്റ്റബിൾമാർ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുവാനും ചില പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

ഓപ്പറേഷൻ നവീൻ പ്രകാരം നടന്ന റെയ്ഡുകൾ

78 [1553] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ഡിസംബർ മാസം 1-ാം തീയതി ഓപ്പറേഷൻ നവീൻപ്രകാരം കേരളത്തിലെ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തിയ റെയ്ഡിൽ, വ്യാപകമായ അഴിമതി നടന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) റെയ്ഡ് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) മൂന്ന് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തതിന് പുറമേ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ രണ്ട് സർക്കിൾ ഇൻസ്പെക്ടർമാർ, രണ്ട് സബ് ഇൻസ്പെക്ടർമാർ, മൂന്ന് ഹെഡ് കോൺസ്റ്റബിൾമാർ എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുവാനും ചില പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുവാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly